ഗുരുമാർഗം

ഉത്തമ ഗുണകർമ്മങ്ങളുള്ള മഹത്തുക്കൾ പല പ്പോഴും താണ കുടുംബങ്ങളിലും വർഗങ്ങളിലുമാണ് അധികവും ജനിക്കുന്നത്. പൂർണാവതാരമായ ഭഗവാൻ കൃഷ്ണൻ പശുപാലകനായിട്ടാണ് ജനിച്ചത്.

www.keralakaumudi.com www.facebook.com/keralakaumudi

ഒരു ജാതി ഒരു മതം ഒരു ദൈവം

ചതയം 20 - 02
നവമി 13 - 46
1940 കാർത്തികം 26
1439 റബീ ഉൽ അവ്വൽ 08
1194 വൃശ്ചികം 01

ഇന്ത്യയ്ക്ക് ആശ്വാസമായി ഇബ്രാഹിം സോലിഹ്

പി.എസ്. ശ്രീകുമാർ

സോലിഹിന്റെ വിജയത്തിൽ അദ്ദേഹത്തെ ആദ്യം അഭിനന്ദനം അറിയിച്ച രാജ്യം ഇന്ത്യയാണ്. ഇന്ത്യയുടെ പ്രാധാന്യവും ഇന്ത്യയുമായുണ്ടായിരുന്ന നല്ല ബന്ധം പുനഃസ്ഥാപിക്കുകയെന്ന ലക്ഷ്യവും മുൻനിറുത്തിയാണ് പ്രധാനമന്ത്രി മോദിയെ നിയുക്ത പ്രസിഡന്റ് സോലിഹ് തന്റെ സത്യപ്രതിജ്ഞാ ചടങ്ങിലേക്ക് ക്ഷണിച്ചത്

ഇബ്രാഹിം മുഹമ്മദ് സോലിഹ്

മാലദ്വീപിന്റെ ഏഴാമത് പ്രസിഡന്റായി ഇബ്രാഹിം മുഹമ്മദ് സോലിഹ് ഇന്ന് അധികാരമേൽക്കുകയാണ്. അഞ്ച് വർഷമായി ജനാധിപത്യ അവകാശങ്ങൾക്ക് വേണ്ടി പൊരുതിയ മാലദ്വീപ് ജനതയുടെ നിശ്ചയദാർഢ്യത്തിന്റെയും വിജയത്തിന്റെയും പ്രതീകമായാണ് പുതിയ പ്രസിഡന്റിന്റെ പ്രവേശനം.

സെപ്തംബർ 23 നായിരുന്നു പ്രസിഡന്റ് തിരഞ്ഞെടുപ്പ്. നിലവിൽ പ്രസിഡന്റായ അബ്ദുള്ള യമീനായിരുന്നു ഭരണകക്ഷിയായ പ്രോഗ്രസീവ് പാർട്ടിയുടെ സ്ഥാനാർത്ഥി. പ്രതിപക്ഷകക്ഷി നേതാക്കളെയെല്ലാം വിവിധ കേസുകളിൽപെടുത്തി തടവറയിലാക്കിയ ശേഷമായിരുന്നു അദ്ദേഹം തിരഞ്ഞെടുപ്പും തന്റെ സ്ഥാനാർത്ഥിത്വവും പ്രഖ്യാപിച്ചത്. ആദ്യം അറസ്റ്റ് ചെയ്തത് ജനാധിപത്യരീതിയിൽ ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റായ മുഹമ്മദ് നഷീദിനെയായിരുന്നു. മാലദ്വീപ് ഡെമോക്രാറ്റിക്ക് പാർട്ടിയുടെ പ്രസിഡന്റായ നഷീദിനെ രാജ്യദ്രോഹക്കുറ്റം ചുമത്തി 13 വർഷത്തേക്കാണ് ശിക്ഷിച്ചത്. പാശ്ചാത്യ രാജ്യങ്ങളുടെയും രാഷ്ട്രീയാഭയം തേടുകയും ശ്രീലങ്ക കേന്ദ്രമാക്കി യമീനെതിരെ പ്രക്ഷോഭപരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

യമീന്റെ ജനാധിപത്യ വിരുദ്ധവും അഴിമതി നിറഞ്ഞതുമായ ഭരണത്തെ എതിർത്ത് പ്രതിപക്ഷത്തേക്ക് മാറിയ ജൂംഹൂറി പാർട്ടിയും നഷീദിനൊപ്പം ചേർന്നു. മത്സരിക്കുന്നതിൽ നിന്നും നഷീദിനെ തെരഞ്ഞെടുപ്പ് കമ്മിഷൻ വിലക്കിയതിനെ തുടർന്നാണ് മാലദ്വീപ് ഡെമോക്രാറ്റിക് പാർട്ടിയുടെ മുതിർന്ന നേതാവായ ഇബ്രാഹിം മുഹമ്മദ് സോലിഹ് പ്രതിപക്ഷ കക്ഷികളുടെ സ്ഥാനാർത്ഥിയായി മത്സരിച്ചത്. 1994-ൽ 30-ാം വയസിൽ പാർലമെന്റ് അംഗമായ സോലിഹ് മാലദ്വീപ് ഡെമോക്രാറ്റിക് പാർട്ടി രൂപികരിക്കുന്നതിൽ, മുൻ പ്രസിഡന്റ് നഷീദിനൊപ്പം നിർണായകമായ പങ്ക് വഹിച്ച നേതാവാണ്. 58.38 ശതമാനം വോട്ടോടെയാണ് സോലിഹ് തിരഞ്ഞെടുക്കപ്പെട്ടത്. യമീന് ലഭിച്ചത് 41.62 ശതമാനം വോട്ട് മാത്രമായിരുന്നു. കേസിലൂടെ തിരഞ്ഞെടുപ്പ് അട്ടിമറിക്കാനുള്ള യമീനിന്റെ ശ്രമങ്ങൾ, സുപ്രീംകോടതി തള്ളുകയും ജനവിധി അംഗീകരിക്കുകയും ചെയ്തതോടെയാണ് യമീൻ പരാജയം അംഗീകരിച്ച് പടിയിറങ്ങിയത്.

ഇന്ത്യയോട് അകന്ന യമീൻ

1965-ൽ സ്വാതന്ത്ര്യം ലഭിച്ച മാലദ്വീപിൽ ആദ്യം നയതന്ത്രകാര്യാലയം തുറന്നത് ഇന്ത്യയായിരുന്നു. അന്നു മുതൽ ഇന്ത്യയുമായി വളരെ അടുത്ത ബന്ധമാണ് മാലദ്വീപിനുള്ളത്. 1988-ൽ ദ്വീപ് നിവാസികളായ തീവ്രവാദികൾ പ്രസിഡന്റ് മൗമൂൺ അബ്ദുൾ ഗയൂമിനെതിരെ അട്ടിമറി ശ്രമം നടത്തിയപ്പോൾ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധിയാണ് മണിക്കുറുകൾക്കുള്ളിൽ ഇന്ത്യൻ സൈന്യത്തെ അവിടെയെത്തിച്ച് തീവ്രവാദികളെ അടിച്ചമർത്തി മാലദ്വീപ് ഭരണകൂടത്തെ രക്ഷിച്ചത്. യമീൻ പ്രസിഡന്റായത് മുതൽ ഇന്ത്യയിൽ നിന്നും മാലദ്വീപ് അകലാൻ തുടങ്ങി. ജനാധിപത്യവിരുദ്ധമായ രീതിയിൽ പ്രതിപക്ഷത്തെ അടിച്ചമർത്തിക്കൊണ്ടും പ്രതിപക്ഷനേതാക്കളെ കേസുകളിൽപെടുത്തി തടങ്കലിലാക്കിയുമുള്ള യമീന്റെ നടപടികളെ വിമർശിച്ചതിന്റെ പേരിലാണ് ഇന്ത്യയും അമേരിക്കയും ബ്രിട്ടനുമടക്കമുള്ള ജനാധിപത്യ രാജ്യങ്ങളിൽ നിന്നും യമീൻ അകന്നു തുടങ്ങിയത്. ഇന്ത്യൻ മഹാസമുദ്രത്തിന്റെയും അറേബ്യൻ സമുദ്രത്തിന്റെയും ഇടയിൽ തന്ത്രപ്രധാനമായ സ്ഥാനത്ത് നിലകൊള്ളുന്ന മാലദ്വീപ് നമ്മുടെ രാജ്യത്തിന്റെ സുരക്ഷയ്ക്കും വളരെ പ്രാധാന്യമുള്ളതാണ്.

2014-ൽ ചൈനീസ് പ്രസിഡന്റ് ഷി ജിൻ പിംങ്ങിനെ, യമീൻ മാലദ്വീപ് സന്ദർശിക്കാൻ ക്ഷണിച്ചു വരുത്തുകയും ചൈനയുമായി പ്രതിരോധ-വാണിജ്യ വ്യാപാര കരാറിൽ ഒപ്പിടുകയും ചെയ്തു. 2017-ൽ ചൈനയുമായി ഒരു സ്വതന്ത്രവ്യാപാര കരാറിലും മാലദ്വീപ് ഒപ്പിട്ടു. ഈ കരാറിലൂടെ ചൈനയുടെ വിലകുറഞ്ഞ ഉത്പന്നങ്ങളുടെ ഇറക്കുമതി മേഖലയായി മാലദ്വീപ് മാറി. ഇതിനു പുറമേ വികസനത്തിന്റെ പേരിൽ വലിയ മുതൽമുടക്കാണ് ചൈന ഇവിടെ നടത്തിവരുന്നത്. 'ബെൽറ്റ് റോഡ് ഇനിഷ്യേറ്റീവിന്റെ' ഭാഗമാക്കി മാറ്റിക്കൊണ്ട് മാലദ്വീപിൽ വിമാനത്താവള വികസനത്തിനും, തുറമുഖ വികസനത്തിനുമായി വൻ പദ്ധതികളും ചൈന നടപ്പിലാക്കി വരികയാണ്. വികസനത്തിന്റെ മറവിൽ മാലദ്വീപിൽ നാവികതാവളം സ്ഥാപിച്ച് ഇന്ത്യയുടെ സുരക്ഷയ്ക്ക് വെല്ലുവിളി ഉയർത്തുകയെന്ന ഉദ്ദേശവും ചൈനയ്ക്കുണ്ടായിരുന്നു. ആൾ താമസമില്ലാത്ത മറാവോ ദ്വീപ് നാവിക താവളത്തിനായി ചൈനയ്ക്കു കൈമാറിയതായും രാജ്യത്തിന്റെ സ്വാതന്ത്ര്യവും പരമാധികാരവും ചൈനയ്ക്ക് അടിയറവ് വച്ചതായും മാലദ്വീപ് ഡെമോക്രാറ്റിക് പാർട്ടി നേതാക്കൾ തിരഞ്ഞെടുപ്പ് വേളയിൽ ആരോപണം ഉന്നയിച്ചിരുന്നു. 2015 മാർച്ചിൽ ശ്രീലങ്കയിലും മൗറീഷ്യസിലും സന്ദർശനം നടത്തുന്നതിനൊപ്പം, മാലദ്വീപിലും സന്ദർശനം നടത്താൻ പ്രധാനമന്ത്രി മോദി ഉദ്ദേശിച്ചിരുന്നെങ്കിലും ജനാധിപത്യവിരുദ്ധമായ നടപടികളിലൂടെ നഷീദിനെ അറസ്റ്റ് ചെയ്തതിന്റെ പശ്ചാത്തലത്തിൽ മാലദ്വീപ് സന്ദർശനം ഒഴിവാക്കികൊണ്ടാണ് ഇന്ത്യയുടെ അനിഷ്ടം പ്രകടിപ്പിച്ചത്.

സത്യപ്രതിജ്ഞാ ചടങ്ങിൽ മോദിയും

സോലിഹിന്റെ വിജയത്തിൽ അദ്ദേഹത്തെ ആദ്യം അഭിനന്ദനം അറിയിച്ച രാജ്യം ഇന്ത്യയാണ്. രാജ്യം ജനാധിപത്യത്തിലേക്ക് തിരിച്ചു വരുമെന്നും, സ്വതന്ത്ര രാജ്യമെന്ന നിലയിൽ ഇന്ത്യയുമായി നല്ല ബന്ധം സ്ഥാപിക്കുമെന്ന പ്രത്യാശിക്കുന്നതായും പ്രധാനമന്ത്രി നരേന്ദ്രമോദി അദ്ദേഹത്തെ അറിയിച്ചു. ഇന്ത്യയുടെ പ്രാധാന്യവും ഇന്ത്യയുമായുണ്ടായിരുന്ന നല്ല ബന്ധം പുനഃസ്ഥാപിക്കുകയെന്ന ലക്ഷ്യവും മുൻനിറുത്തിയാണ് പ്രധാനമന്ത്രി മോദിയെ നിയുക്ത പ്രസിഡന്റ് സോലിഹ് തന്റെ സത്യപ്രതിജ്ഞാ ചടങ്ങിലേക്ക് ക്ഷണിച്ചതും, നരേന്ദ്രമോദി ആ ക്ഷണം സ്വീകരിച്ച് സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കുന്നതും.

മാലദ്വീപിന്റെ സ്വാതന്ത്ര്യത്തിനും, ആത്മാഭിമാനത്തിനും ക്ഷതമേൽപിക്കാത്ത രീതിയിലുള്ള ബന്ധം ഉണ്ടാക്കുന്നതിൽ ഇന്ത്യ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മറ്റ് ജനാധിപത്യ രാജ്യങ്ങളുമായി ചേർന്ന് മാലദ്വീപിന്റെ വികസനങ്ങൾക്ക് തുണയാകാൻ ഇന്ത്യ മുൻകൈയെടുക്കണം.

(ലേഖകൻ പി.പി.ആർ.ഐ രജിസ്ട്രാറാണ്. ഫോൺ: 9847173177)

നരഹത്യയ്ക്കുതന്നെ കേസെടുക്കണം

വാഹനാപകടങ്ങൾക്കും മരണത്തിനും ഒരു കുറവുമില്ലാത്ത സംസ്ഥാനത്ത്, വ്യാഴാഴ്ച വൈകിട്ട് കഴക്കൂട്ടത്ത് സ്കൂൾ വിട്ട് വീട്ടിലേക്കു മടങ്ങിയ ആലിയ ഫാത്തിമ എന്ന പതിനൊന്നുകാരിയുടെയും എഴുപത്തെട്ടുകാരനായ അപ്പുഷൻ അബ്ദുൾ സലാമിന്റെയും ദാരുണ മരണം ഒരിക്കൽക്കൂടി പൊതുനിരത്തുകളിൽ നടമാടുന്ന അരാജകത്വത്തിന്റെ തെളിവായി. ബസിൽ വന്നിറങ്ങുന്ന കുട്ടിയെ വീട്ടിലേക്കു വിളിച്ചുകൊണ്ടുപോകാൻ എന്നും അപ്പുഷനാണ് എത്തുന്നത്. വ്യാഴാഴ്ച വൈകിട്ടും ആ പതിവു തെറ്റിയില്ല. എന്നാൽ റോഡിന്റെ അരികുചേർന്നു നടന്നുപോയ ഇരുവരെയും പാഞ്ഞുവന്ന കാർ ഇടിച്ചിട്ടുകയായിരുന്നു. കാർ ഓടിച്ചിരുന്ന മുൻ പൊലീസുകാരൻ മദ്യലഹരിയിലായിരുന്നു എന്നാണ് വിവരം.

അബ്ദുൽ സലാമിനെയും പേരക്കുട്ടിയെയും ഇടിക്കുന്നതിനു മുമ്പ് ഏതാനും ഇരുചക്രവാഹനങ്ങളും ഇലക്ട്രിക് പോസ്റ്റുമൊക്കെ തകർത്തിരുന്നു. നിയന്ത്രണം വിട്ട് കാറിനായിരുന്നില്ല. കാർ ഓടിച്ചയാൾക്കായിരുന്നുവെന്നതിന്റെ തെളിവാണിതൊക്കെ. അപകടത്തിനുശേഷം പൊലീസ് കസ്റ്റഡിയിലെടുത്ത ഡ്രൈവർ മാഹിൻ മദ്യപിച്ചിരുന്നതായി വൈദ്യപരിശോധന നടത്തിയതിൽ സ്ഥിരീകരണവും ലഭിച്ചു. അപകടത്തിനു ശേഷം അവിടെ നടന്ന സംഭവങ്ങൾ ഇത്തരം സന്ദർഭങ്ങളിൽ സ്വതസിദ്ധമായി ഉണ്ടാകുന്ന രോഷപ്രകടനത്തിന്റെ ഭാഗം മാത്രമായേ കരുതാനാവൂ. അരിശം പൂണ്ട നാട്ടുകാർ കാർ അടിച്ചുതകർക്കുകയും സംഘർഷം സൃഷ്ടിക്കുകയും ചെയ്തു. ഓർക്കാപ്പുറത്തുണ്ടായ അപകടത്തിൽ കുടുംബത്തിനുണ്ടായ നഷ്ടത്തിന്റെയും അനാഥത്വത്തിന്റെയും ആഴം എത്ര വലുതായിരിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ല.

മദ്യപിച്ച് വാഹനം ഓടിക്കുന്ന ഡ്രൈവറെ വലിയ നാശം വരുത്തുന്ന ബോംബ് വാഹകനായി വേണം പരിഗണിക്കാനെന്ന് മുൻപ് സുപ്രീം കോടതി വാഹനാപകടവുമായി ബന്ധപ്പെട്ട ഒരു കേസിൽ അഭിപ്രായപ്രകടനം നടത്തിയതാണ് ഓർമ്മ വരുന്നത്. പിഞ്ചുകുട്ടികളെ കൊണ്ടുപോകുന്ന സ്കൂൾ ബസ് ഓടിക്കുന്നവരിൽ പോലും മദ്യപന്മാർ ധാരാളമുണ്ടെന്നുള്ളത് രഹസ്യമൊന്നുമല്ല.

മദ്യലഹരിയിൽ സംഭവിച്ച തന്റെ കരുതലില്ലായ്മ എത്ര വലിയ വിനയാണു വരുത്തിവച്ചതെന്ന് അപകടത്തിനു കാരണക്കാരനായ ആൾ ചിന്തിച്ചിരിക്കാനിടയില്ല. റോഡ് ഉപയോഗിക്കേണ്ടിവരുന്ന എത്രയോ പേരുടെ ജീവനാണ് തന്റെ വിവേകശൂന്യമായ പ്രവൃത്തിമൂലം അപകടത്തിലാകുന്നതെന്നു ചിന്തിക്കാനുള്ള മാനസികാവസ്ഥ അയാൾക്ക് നഷ്ടപ്പെട്ടിരിക്കും. നമ്മുടെ നിരത്തുകളിൽ സാധാരണ കാണുന്ന അഴിഞ്ഞാട്ടങ്ങളിലൊന്ന മാത്രമാണിത്. പകലും രാത്രിയുമെന്നില്ലാതെ ഇതുപോലുള്ള സാമൂഹ്യദ്രോഹികൾ മുക്കറ്റം മദ്യപിച്ച് വാഹനങ്ങൾ ഓടിച്ച് കാൽനട യാത്രക്കാരുൾപ്പെടെയുള്ളവരെ ഭീതിയിലാക്കാറുണ്ട്. മദ്യപിച്ച് വാഹനം ഓടിക്കുന്ന ഡ്രൈവറെ വലിയ നാശം വരുത്തുന്ന ബോംബ് വാഹകനായി വേണം പരിഗണിക്കാനെന്ന് മുൻപ് സുപ്രീംകോടതി വാഹനാപകടവുമായി ബന്ധപ്പെട്ട ഒരു കേസിൽ അഭിപ്രായപ്രകടനം നടത്തിയതാണ് ഓർമ്മ വരുന്നത്. കേരളത്തിലെ പൊതുനിരത്തുകൾ അടുത്തകാലത്തായി ഇത്തരം സഞ്ചരിക്കുന്ന ബോംബുകളുടെ ഒഴിയാത്ത ഭീഷണിയുടെ നിഴലിലാണ്. പിഞ്ചുകുട്ടികളെ കൊണ്ടുപോകുന്ന സ്കൂൾ ബസ് ഓടിക്കുന്നവരിൽ പോലും മദ്യപന്മാർ ധാരാളമുണ്ടെന്നുള്ളത് രഹസ്യമൊന്നുമല്ല. തിരുവനന്തപുരത്ത് അടുത്തകാലത്തു നടന്ന വാഹന പരിശോധനയിൽ ബോദ്ധ്യപ്പെട്ട കാര്യമാണത്. പരിശോധന രാവിലെയായിരുന്നു എന്നതും എടുത്തുപറയേണ്ടതാണ്. രാവിലെ തന്നെ 'സേവ'യും കഴിഞ്ഞ് സ്കൂൾ ബസിന്റെ വളയം പിടിക്കുന്നവന്റെ മാനസികാവസ്ഥ ഊഹിക്കാവുന്നതേയുള്ളൂ.

മരണത്തിനു കാരണമാകുന്ന വാഹനാപകടങ്ങൾ വരുത്തുന്നവർക്കെതിരെ കുറ്റകരമല്ലാത്ത നരഹത്യ എന്ന വകുപ്പിലാണ് സാധാരണ കേസെടുക്കാറുള്ളത്. ലഘുവായ ശിക്ഷ വാങ്ങി രക്ഷപ്പെടാനുള്ള പഴുതുകളും ധാരാളമാണ്. മദ്യപിച്ച് വാഹനം ഓടിച്ച് അപകടമുണ്ടാക്കിയാൽ പോലും കേസ് കോടതിയിൽ എത്തുമ്പോഴേക്കും തെളിവും സാക്ഷികളുമൊക്കെ പലപ്പോഴും മാറിമറിയുന്നതു പതിവാണ്. വാഹനാപകട കേസുകൾ പൊലീസിനും അഭിഭാഷകർക്കുമൊക്കെ നല്ല കൊയ്ത്തിനുള്ള അവസരമാണ്. മനഃപൂർവമായ നരഹത്യയ്ക്കുള്ള ശിക്ഷ തന്നെയാണ് മദ്യപിച്ച് വാഹനം ഓടിച്ച് ആളപായം വരുത്തുന്നവർക്ക് നൽകേണ്ടത്. അടുത്തകാലത്ത് ബന്ധപ്പെട്ട നിയമത്തിൽ ധാരാളം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും അപകടമരണങ്ങൾക്ക് ഒരു കുറവും കാണുന്നില്ല. മദ്യപിച്ച് വാഹനങ്ങൾ ഓടിക്കുന്നതു മൂലമുണ്ടാകുന്ന അപകടങ്ങൾക്കും കുറവില്ല. കഴക്കൂട്ടത്ത് അപ്പുഷന്റെയും പേരക്കുട്ടിയുടെയും ജീവനെടുത്ത കാറപകടം നടന്നതിന്റെ പിറ്റേന്നു രാവിലെ തിരുവനന്തപുരം മലയിൻകീഴിൽ മദ്യലഹരിയിൽ യുവാക്കൾ സഞ്ചരിച്ചിരുന്ന ഒരു കാറിടിച്ച് ഏതാനും പേർക്ക് ഗുരുതരമായി പരിക്കേറ്റു. വഴിയാത്രക്കാരും ഇരുചക്രവാഹനത്തിൽ സഞ്ചരിച്ചിരുന്നവരുമൊക്കെയായിരുന്നു ഇരകൾ. ആളുകളെ ഇടിച്ചിട്ട് നിറുത്താതെ പോയ കാർ നാട്ടുകാർ പിന്തുടർന്നു പിടികൂടി പൊലീസിനെ ഏല്പിക്കുകയായിരുന്നു.

നിയമത്തെ തരിമ്പും കൂസാതെയുള്ള ഇത്തരം പ്രവൃത്തികൾ സംസ്ഥാനത്തെവിടെയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഡ്രൈവിംഗിനിടെ തന്റെ ഭാഗത്തുനിന്നുണ്ടാകുന്ന ഒരു നിമിഷത്തെ അശ്രദ്ധ എത്രമാത്രം ദുരന്തപര്യവസായിയാകാമെന്ന് ആരും ഓർക്കാറില്ല. കഴക്കൂട്ടത്ത് അപകടത്തിൽ മരിച്ച വിദ്യാർത്ഥിനിയുടെ പിതാവ് മൂന്നുവർഷം മുൻപ് ടൈഫിനിൽ നിന്ന് വീണ് അകാലമൃത്യുവിനിരയായതാണ്. കുടുംബത്തിന്റെ നെടും തൂണ നഷ്ടപ്പെട്ടതിന്റെ ആകുലതകൾ മാറുന്നതിനു മുൻപാണ് ആ ശ്രയമായിരുന്ന കുടുംബനാഥനും ഇല്ലാതായിരിക്കുന്നത്. എത്ര ദാരുണമായ ദുർവിധിയാണ് ആ കുടുംബം അനുഭവിക്കേണ്ടിവരുന്നത്.

രാഷ്ട്രീയവും ആക്ടിവിസവും വാശിയും തീർക്കാനുള്ള ഇടമല്ല പൂങ്കാവനം

വെള്ളാപ്പള്ളി നടേശൻ

മാനേജിംഗ് എഡിറ്റർ, യോഗനാദം

(യോഗനാദം നവംബർ 16 ലക്കത്തിലെ മുഖപ്രസംഗം)

ശബരിമല സ്ത്രീപ്രവേശന വിഷയം ഓരോ ദിവസം ചെല്ലുംതോറും കേരളത്തിലെ പൊതുസമൂഹം ആഗ്രഹിക്കാത്ത തലങ്ങളിലേക്ക് വഴിമാറിപ്പോവുകയാണ്. ഇത് അങ്ങേയറ്റം ദൗർഭാഗ്യകരവും സാക്ഷര കേരളത്തിന് ഒരുതരത്തിലും നീതികരിക്കാനാവത്തതുമാണ്. മലയാളികളായ നമ്മെക്കുറിച്ച് ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങളിലും അതേപോലെ തന്നെ ലോകത്തിന്റെ വിവിധ സ്ഥലങ്ങളിലും ഉള്ള വിലയിരുത്തൽ മറ്റാരെക്കാളും നമ്മെ ഒരുപടി മുന്നിലെത്തിച്ചിരുന്നു. നമ്മുടെ നാടിന്റെ രാഷ്ട്രീയ നേതൃത്വങ്ങൾക്ക് ഇപ്പോൾ എന്തുപറ്റി എന്ന് ഓരോ മനുഷ്യരും ആശങ്കപ്പെടുകയാണ്. മഹാപ്രളയത്തിന്റെ അതിദാരുണമായ ദുരന്തത്തിൽ ഒരേ മനസോടെ പ്രവർത്തിച്ച് അതിജീവനത്തിന്റെ പുതിയ പാഠം വരുംതലമുറയ്ക്ക് പകർന്ന് നൽകിയ നമ്മൾ തൊട്ടടുത്ത ദിവസം സുപ്രീം കോടതിയിൽ നിന്നുണ്ടായ ഒരു വിധിയുടെ പേരിൽ പ്രളയത്തിൽ ചേർത്തുപിടിച്ച കൈകൾ വേഗത്തിൽ വിഘടിച്ച് രാഷ്ട്രീയത്തിന്റെ പല തുരുത്തുകളായി മാറിനിന്ന് പരസ്പരം പോരടിച്ചപ്പോൾ, ചേർത്തു പിടിച്ച കൈകളിൽ സുരക്ഷിതത്വബോധത്തോടെ, ആശ്വസിച്ച് നിശ്വസിച്ചവർ അനാഥത്വത്തിന്റെ ചെളിക്കണ്ടിൽ വീഴുകയായിരുന്നു. അവർ ഇപ്പോഴും നിലയില്ലാക്കയത്തിൽ കൈകാലിട്ടടിക്കുന്നു. രാഷ്ട്രീയക്കാരും ഭരണാധികാരികളും എല്ലാം തന്നെ വിശ്വാസികളുടെയും അവിശ്വാസികളുടെയും സംരക്ഷകരായി മാറിയിരിക്കുന്നു.

ശബരിമല സ്ത്രീപ്രവേശനത്തിന്റെ പേരിൽ വിശ്വാസി സമൂഹത്തെ ഉപയോഗിച്ചുകൊണ്ട് രാഷ്ട്രീയം കളിക്കുന്നത് അധാർമികതയാണ്. രാഷ്ട്രീയ എതിരാളികളെ രാഷ്ട്രീയമായി നേരിടാൻ കഴിയാതെ വരുന്ന സന്ദർഭത്തിലാണ് ഇത്തരം വിശ്വാസങ്ങളെയും ജാതിയേയും മതത്തേയുമൊക്കെ രാഷ്ട്രീയനേട്ടത്തിനായി വിനിയോഗിക്കുന്നത്. ഇത് ഒരു തരത്തിലുള്ള രാഷ്ട്രീയ പാപരത്വമാണ് വെളിവാക്കുന്നത്. എസ്.എൻ.ഡി.പി യോഗം ഈ വിഷയത്തിൽ വിശ്വാസികളോടൊപ്പമാണ്. സുപ്രീംകോടതി വിധിയിൽ പരിഗണിക്കപ്പെടേണ്ട പല വസ്തുതകളും പരിഗണിക്കപ്പെട്ടിട്ടില്ല എന്നും അത് കോടതിയെ ബോദ്ധ്യപ്പെടുത്തുന്ന കാര്യത്തിൽ നിയമ പണ്ഡിതന്മാർക്ക് കഴിഞ്ഞിട്ടില്ല എന്നും ഞങ്ങൾ അന്നും ചൂണ്ടിക്കാണിച്ചിരുന്നു. അത് ശരിയാണെന്ന് തെളിയിക്കുന്നതാണ് ഇപ്പോൾ ഉണ്ടായിരിക്കുന്ന സുപ്രീം കോടതി നിലപാട്. മറ്റൊരു കാര്യവും നേരത്തെ ഞങ്ങൾ സൂചിപ്പിച്ചിരുന്നു. വിശ്വാസികളായ സ്ത്രീകളാരും പ്രായപരിധി ലംഘിച്ചുകൊണ്ട് ശബരിമല ദർശനത്തിന് വരില്ല എന്ന്, അത് തന്നെയാണ് സംഭവിച്ചതും. ഇവിടെ ഈ കലാപമൊക്കെയുണ്ടാകാനുള്ള കാരണം ആക്ടിവിസ്റ്റുകളായ ചില സ്ത്രീകൾ തങ്ങളുടെ ആക്ടിവിസം നടപ്പാക്കുന്നതിനുള്ള വേദിയായി ഇത്രയും വൈകാരികമായ വിഷയത്തെ ഉപയോഗിച്ചു എന്നുള്ളതാണ്. വിശ്വാസികളുടെ ഇടമാണ് ആരാധാനാലയങ്ങൾ. അവിശ്വാസികൾക്ക് അവിടെ സ്ഥാനമില്ല. സ്ഥാനമില്ലാത്തിടത്ത് അതിക്രമിച്ച് കയറുന്നത് നിയമലംഘനവും അധിനിവേശവുമാണ്. അതിന്റെ പേരിൽ ഉണ്ടായിട്ടുള്ള കോലാഹലങ്ങൾ അനിയന്ത്രിതമായിരിക്കുന്നു. റഫറിയില്ലാത്ത കളിക്കളത്തിലെ കളിക്കാരെപ്പോലെ ഓരോരുത്തരും സെൽഫ് ഗോൾ അടിച്ചു കൊണ്ടിരിക്കുകയാണ്. ഇതിന്റെ പേരിൽ ജാതീയമായി ധ്രുവീകരണങ്ങൾക്ക് ശ്രമിച്ചുകൊണ്ടിരിക്കുന്നു. സവർണാധിപത്യത്തിന്റെ അടിത്തറ ഇളകുന്ന എല്ലാ ഘട്ടത്തിലും ഹിന്ദുഐക്യം പറയുകയും വിജയിച്ചു കഴിയുമ്പോൾ പിന്നോക്ക/ദളിത് വിഭാഗത്തെ തള്ളിപ്പറയുകയും ചെയ്യുന്ന സമീപനമാണ് നാളിതു വരെ ഉണ്ടായിട്ടുള്ളത്.

വിമോചന സമരം മുതലുള്ള കാര്യങ്ങൾ എടുത്ത് പരിശോധിച്ചാൽ അത് മനസിലാക്കാൻ നമുക്ക് കഴിയും. വിമോചന സമരത്തിനു ശേഷം ഉണ്ടായിട്ടുള്ള എല്ലാ രാഷ്ട്രീയ പരിവർത്തന സന്ദർഭങ്ങളിലും മുന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ അധികാരത്തിന്റെ ഇടനാഴികളിൽ കസേര വലിച്ചിട്ട് ഇരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിച്ചിട്ടുള്ളത്. അപ്പോഴും പാർശ്വവത്കരിക്കപ്പെട്ടത് പിന്നോക്ക/ദളിത് വിഭാഗങ്ങളാണ്.

മലയാളി മെമ്മോറിയലിനുശേഷം ഈഴവ മെമ്മോറിയൽ വേണ്ടിവന്നതും ഇതേ കാരണത്താലായിരുന്നു. ഇന്നും അവരുടെ അവസ്ഥ മറിച്ചല്ല. പിന്നാക്ക ആഭിമുഖ്യമുള്ള എൽ.ഡി.എഫ് സർക്കാർ നേരത്തെ ദേവസ്വംമന്ത്രിയായിരുന്ന ജി. സുധാകരൻ കൊണ്ടുവന്ന ദേവസ്വംബോർഡ് ബിൽ നിയമസഭയിൽ വച്ച് വിഷയനിർണയ കമ്മിറ്റിക്ക് വിട്ടതിനുശേഷം ആ ബില്ല് പിന്നെ കണ്ടിട്ടില്ല എന്ന മാത്രമല്ല, ആ ബില്ല് നടപ്പിലാക്കുകയില്ലായെന്ന് ഏത്തമിടുകയും അത് കൊണ്ടുവന്ന മന്ത്രിയിൽ നിന്നും ദേവസ്വം വകുപ്പ് എടുത്ത് മാറ്റുകയും ചെയ്തു. അതുപോലെ തന്നെ ഇപ്പോഴത്തെ എൽ.ഡി.എഫ് സർക്കാർ ദേവസ്വം ബോർഡിൽ സാമ്പത്തിക സംവരണത്തിന് ഉത്തരവിട്ടിരിക്കുന്നു. ദേവസ്വം ബോർഡിൽ 96 ശതമാനം വരുന്ന ഉദ്യോഗസ്ഥരും സവർണരാണെന്ന് കണക്കുകൾ സഹിതം നിരവധി തവണ അവതരിപ്പിച്ചിട്ടും അതു ചർച്ച ചെയ്യാനോ പരിഗണിക്കാനോ തയ്യാറാവാതെയാണ് ഇടതുപക്ഷ സാമ്പത്തിക സംവരണം നടപ്പിലാക്കുന്നത്. ഈ കാര്യത്തിൽ എസ്.എൻ.ഡി.പി യോഗത്തിന് ശക്തമായ പ്രതിഷേധവും അഭിപ്രായ വ്യത്യാസവുമുണ്ട്. പക്ഷേ ഞങ്ങൾ അതൊരിക്കലും രാഷ്ട്രീയ എതിരാളികൾ തമ്മിലുള്ള മത്സരത്തിന് കാരണമാക്കാൻ തയ്യാറല്ല. അതിലൂടെയുള്ള സമ്മർദ്ദത്തിനുമില്ല. അതിനുള്ള സമരപരിപാടികൾ യോഗം ചർച്ച ചെയ്ത് ആവിഷ്കരിക്കും. ഇപ്പോഴത്തെ സ്ത്രീപ്രവേശന വിഷയം ഉൾപ്പെടുത്താനും ആഗ്രഹിക്കുന്നില്ല.

ഇപ്പോൾ നടക്കുന്നത് കേവലമായ രാഷ്ട്രീയ ലക്ഷ്യത്തിനു വേണ്ടിയുള്ള സമരമാണ്. ഈ സമരം നമ്മുടെ നാടിനെ എങ്ങുമെത്തിക്കില്ല. അതുകൊണ്ട് ഇപ്പോൾ പരമോന്നത നീതിപീഠത്തിൽ നിന്നും ഉണ്ടായിരിക്കുന്ന ഈ വിധിയെ എല്ലാവരും സ്വാഗതം ചെയ്യുക. വിശ്വാസികൾക്ക് ഇതൊരു വലിയ ആശ്വാസമാണ്. സുപ്രീം കോടതിയുടെ ചരിത്രത്തിൽ ഇന്നുവരെ ഉണ്ടാവാത്ത തരത്തിൽ ചീഫ് ജസ്റ്റിസ് ഉൾക്കൊള്ളുന്ന അഞ്ചംഗ ഭരണഘടനാ ബെഞ്ചിന്റെ വിധി തുറന്ന കോടതിയിൽ വീണ്ടും പരിഗണിക്കാൻ തീരുമാനിച്ചത്. സർക്കാരും ഇതിനെ പോസിറ്റീവായി കാണുക. ഭരണഘടനാ സ്ഥാപനമായ സർക്കാരിന